(ബി) ഇപ്പോൾ നിലവിലുള്ള നിരക്കുകൾക്ക് 1-1-2005 മുതൽ പ്രാബല്യം ഉണ്ട്.

(സി) പ്രസിഡന്റിനും വൈസ് പ്രസിഡന്റിനുമുള്ള ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ സഹകരണ സംഘം രജിസ്ട്രാർ അവസാനമായി പുതുക്കിയത് 25-1-2005-ലെ 1/2005 നമ്പർ സർക്കുലർ പ്രകാരമാണ്.

(ഡി) നിലവിലുള്ള നിരക്ക് പുതുക്കുന്നതു സംബന്ധിച്ച് ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

കണ്ണൂർ അഗ്രീൻ സഹകരണ സംഘത്തിന്റെ പ്രവർത്തനം

27 (990) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ അഗ്രീൻ സഹകരണ സംഘത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; പ്രസ്തുത സംഘം ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് ഗ്രാന്റും വായ്പയും നിക്ഷേപവും വാങ്ങിയിട്ടുണ്ട് : വിശദാംശം ലഭ്യമാക്കുമോ ;

(ബി) സമാഹരിച്ച ഗ്രാന്റും വായ്പയും നിക്ഷേപവും മറ്റ് സ്വകാര്യ സ്ഥാപനങ്ങൾക്ക് വായ്പയായി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ : പ്രസ്തുത വായ്പകൾക്ക് മതിയായ സെക്യൂരിറ്റി ഈടാക്കിയിട്ടുണ്ടോ : വായ്പ നൽകിയിട്ടുള്ളത് നിയമപ്രകാരമാണോ ; എങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ :

(സി) വിവിധ സഹകരണ സംഘങ്ങളിൽനിന്ന് നിക്ഷേപമായി എത്ര തുക 'അഗ്രീൻ' സമാഹരിച്ചിട്ടുണ്ട് ;

(ഡി) അഗ്രീൻ എന്ന സ്ഥാപനം രജിസ്റ്റർ ചെയ്യുമ്പോൾ അതിന്റെ ഭാരവാഹികൾ ആരൊക്കെയായിരുന്നു ; ഇപ്പോഴത്തെ ഭാരവാഹികൾ ആരൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ അഗ്രീൻകോ മറ്റൊരു സ്വകാര്യ കമ്പനി ഉൽപ്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ് വളം വില്പന നടത്തുന്ന പ്രവർത്തനമാണ് ഇപ്പോൾ നടത്തുന്നത്. പ്രസ്തുത സംഘം എൻ.സി.ഡി.സി.-യിൽ നിന്ന് വായ്പയായി 1064.05 ലക്ഷം രൂപയും സർക്കാരിൽ നിന്നും 392.95 ലക്ഷം രൂപ ഓഹരിയായും റബ്ബർ ബോർഡിൽ നിന്നും 32 ലക്ഷം രൂപ പ്രവർത്തന മൂലധന വായ്പയായും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 498.95 ലക്ഷം രൂപ വായ്പയായും 21 സഹകരണ സ്ഥാപനങ്ങളിൽ നിന്നും 430.51 ലക്ഷം രൂപ നിക്ഷേപമായും സ്വീകരിച്ചിട്ടുണ്ട്.

(ബി) സമാഹരിച്ച ഗ്രാന്റും വായ്പയും നിക്ഷേപവും അഗ്രീൻകോ ആരംഭിച്ച മറ്റ് സ്വകാര്യ സ്ഥാപനങ്ങൾക്ക് വായ്പയായും അഡ്വാൻസ് ആയും നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന 5 സ്വകാര്യ സ്ഥാപനങ്ങൾക്ക് 1959.24 ലക്ഷം രൂപ വായ്പയും അഡ്വാൻസുമായി നൽകിയിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly

1.	അഗ്രിൻകോ ഫൈബർ ഫോം പ്രൈവറ്റ് ലിമി.	80,61,447
2.	അഗ്രിൻകോ റബ്ബർ ടെക്നോളജീസ് പ്രൈവറ്റ് ലിമി. (വായ്പ/അഡ്വാൻസ്)	2,82,84,403
3.	അഗ്രിൻകോ വിദേശ് പ്രൈവറ്റ് ലിമി. (അഡ്വാൻസ്)	14,34,435
4.	അഗ്രിൻകോ ആഷ്കോ പ്രൈവറ്റ് ലിമി. (അഡ്വാൻസ്)	14,39,51,247
5.	അഗ്രിൻകോ കൊയർ പ്രൊഡക്ട്സ് പ്രൈവറ്റ് ലിമി.	1,41,92,963
	ആകെ	19,59,24,495

ടി വായ്പകൾ മതിയായ സെക്യൂരിറ്റി ഇല്ലാതെയും നിയമപ്രകാരമല്ലാതെയുമാണ് നൽകിയിട്ടുള്ളത്.

(സി) 21 സഹകരണ സ്ഥാപനങ്ങളിൽ നിന്നായി 430.51 ലക്ഷം രൂപ നിക്ഷേപമായി അഗ്രിൻകോ സമാഹരിച്ചിട്ടുണ്ട്.

(ഡി) സംഘം രജിസ്റ്റർ ചെയ്യുമ്പോൾ ഉണ്ടായിരുന്ന ഭാരവാഹികൾ.

1. ശ്രീ. എം. കെ. രാഘവൻ
2. ശ്രീ. വി. വി. പ്രകാശൻ
3. ശ്രീ. എം. പ്രദീപ് കുമാർ
4. ശ്രീ. ചാക്കോ പാലക്കലോടി
5. ശ്രീ. എം. പി. ശ്രീജിത്
6. ശ്രീ. വി. എസ്. ഹരീന്ദ്രനാഥ്
7. ശ്രീമതി ഫിലോമിന ജോസ്
8. ശ്രീ. സി. വി. അബ്ദുള്ള
9. ശ്രീ. ടി. ബാബുരാജ്.

ഇപ്പോഴത്തെ ഭാരവാഹികൾ (2007-2012)

1. ശ്രീ. അൻസാർ അസീസ്
2. ശ്രീ. ഉസ്മാൻ കെ. കെ.
3. ശ്രീ. ചാക്കോ പാലക്കലോടി
4. ശ്രീ. പ്രകാശൻ വി. വി.
5. ശ്രീ. ബാലഗോപാലൻ പി.

LIBRARY ARCHIVES Kerala Legislative Assembly

6. ശ്രീ. രാഘവൻ എം. കെ.

7. ശ്രീ. എം. പി. ശ്രീജിത്

8. ശ്രീ. സിബി ജെ. മോനിപ്പള്ളി

9. ശ്രീ. സുബ്രഹ്മണ്യൻ എൻ.

10. ശ്രീ. വി. എസ്. ഹരീന്ദ്രനാഥ്

11. ശ്രീമതി ഫിലോമിന ജോസ്
(വനിതാ സംവരണം)

12. ശ്രീ. ശ്രീനിജൻ പി. വി.
(പട്ടികജാതി സംവരണം)

13. ശ്രീ. നീലകണ്ഠൻ
(സംഘം പ്രതിനിധി (ബി. ക്ലാസ്).

കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ

28 (991) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കയർ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) കയർ കമ്മീഷൻ ശിപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) ചകിരി ഉൽപ്പാദനത്തിന് സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) കയറുൽപ്പന്നങ്ങളുടെ ആഭ്യന്തരവിപണി ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കയർ തൊഴിലാളി കടാശ്വാസപദ്ധതി പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേക്കായി ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly